# ജില്ലാ ബാങ്ക് വാർത്ത

കാസർകോട് ജില്ലാ സഹകരണ ബാങ്ക് ന്യൂസ് ബുള്ളറ്റിൻ

പുസ്തകം രണ്ട് | ലക്കം രണ്ട് | ജനുവരി 2014

# കാസർകോട് ജില്ലാ സഹകരണ ബാങ്കിൽ കോർബാങ്കിങ് യാഥാർത്ഥ്യമായി

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിൽ കോർ ബാങ്കിങ് യാഥാർത്ഥ്യമായി. ഇതിന്റെ ഭാഗമായി ഹെഡ്ഓഫീസിലേയും മുഴുവൻ ശാഖകളിലേയും ഇടപാടുകൾ പൂർണ്ണമായും പുതിയ സംവിധാനത്തിലേക്ക് (ഫിനാക്കിൾ) മാറി.

ജില്ലയുടെ വിവിധ ഭാഗങ്ങളിലായി 36 ശാഖകളുള്ള ജില്ലാ സഹകരണ ബാങ്കിൽ കോർബാങ്കിങ് സംവിധാനം നിലവിൽ വന്നതോടെ സാധാരണക്കാർ ഉൾപ്പടെയുള്ള ഇടപാടുകാർക്ക് തങ്ങളുടെ പണമിടപാടുകൾ കൂടുതൽ എളുപ്പത്തിൽ നിറവേറ്റാൻ കഴിയും. ജില്ലാ സഹകരണ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖയിൽ അക്കൗണ്ടുള്ള ഒരാൾക്ക് ഇനിമുതൽ ഏത് ശാഖയിൽ നിന്നും സ്വന്തം അക്കൗണ്ടിലേക്ക് നേരിട്ടും ചെക്ക് മുഖേനയും പണം നിക്ഷേപിക്കാം. ഇതുപ്രകാരം ജില്ലാ സഹകരണ ബാങ്കിലെ മറ്റ് ഇടപാടുകാരുടെ അക്കൗണ്ടുകളിലേക്കും ഏത് ശാഖകൾ വഴിയും പണം നിക്ഷേപിക്കാൻ സാധിക്കും. സേവിംഗ്സ് ബാങ്ക്, കറണ്ട് അക്കൗണ്ട് ഉടമകൾക്ക് തങ്ങളുടെ അക്കൗണ്ടുകളിലെ ഇടപാട് സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനും സ്റ്റേറ്റ്മെന്റ് ലഭിക്കുന്നതിനും ഏത് ശാഖകളെയും സമീപിക്കാം. ഇടപാടുകാർക്ക് വായ്പാ അക്കൗണ്ടുകളിലേക്കും ക്ഷേമനിധി ഫണ്ടുകളിലേക്കും ഏത് ശാഖകൾ വഴിയും പണം അടക്കാൻ ഇപ്പോൾ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.




കോർബാങ്കിങ് നിലവിൽ വന്നതോടെ സി. ടി. എസ് ചെക്ക് വിതരണം ആരംഭിച്ചിട്ടുണ്ട്. സി.ടി.എസ് ചെക്ക് ലഭിക്കുന്ന ഇടപാടുകാർക്ക് പുതിയ ചെക്ക് ഉപയോഗിച്ച് ജില്ലാ സഹകരണ ബാങ്കിന്റെ ഏത് ശാഖവഴിയും സ്വന്തം അക്കൗണ്ടിലെ പണം പിൻവലിക്കാൻ കഴിയും.

ഐ.എഫ്.എസ് കോഡുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളിലേക്കും വേഗത്തിൽ പണം അയക്കാനുള്ള ആർ.ടി.ജി.എസ്, എൻ.ഇ.എഫ്.ടി സൗകര്യം ജില്ലാ സഹകരണ ബാങ്കിന്റെ മുഴുവൻ ശാഖകളിലും നിലവിലുണ്ട്. കോർ ബാങ്കിങ് യാഥാർത്ഥ്യമായതോടെ ആർ.ടി.ജി.എസ്, എൻ. ഇ.എഫ്.ടി വഴിയുള്ള പണമിടപാട്, ഡി.ഡി എടുക്കൽ, ഡി. ഡി, ചെക്ക് എന്നിവയുടെ കലക്ഷൻ എന്നിവ കൂടുതൽ എളുപ്പമാകും.

ഇടപാടുകാർക്കെന്നപോലെ ബാങ്കിലെ ജീവനക്കാർക്കും കോർബാങ്കിങ് ഏറെ പ്രയോജനകരമാകും. കാസർകോട് ജില്ലയുടെ പ്രധാനകേന്ദ്രങ്ങളിൽ എ. ടി.എം കൗണ്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

ഇടപാടുകാർ കൈവശമുള്ള ചെക്കുബുക്കുകൾ ബന്ധപ്പെട്ട ശാഖകളിൽ തിരിച്ചേൽപ്പിച്ച് സി. ടി. എസ് ചെക്കുകൾ കൈപ്പറ്റേണ്ടതാണെന്ന് ജനറൽ മാനേജർ എ അനിൽകുമാർ അറിയിച്ചു.

എഡിറ്റോറിയൽ

# പുതുവർഷം സമ്പൽസമൃദ്ധിയും സന്തോഷവും നിറഞ്ഞതാകട്ടെ

അമേരിക്ക ഉൾപ്പെടെയുള്ള വികസിത രാജ്യങ്ങളെ പിടിച്ചുകുലുക്കിയ ആഗോള സാമ്പത്തിക മാന്ദ്യം, നാളിതുവരെ കണ്ടിട്ടില്ലാത്ത രൂപയുടെ മൂല്യത്തകർച്ച, അതിരൂക്ഷമായ വിലക്കയറ്റം, സ്വർണ വിലയിലുണ്ടായ ഉയർച്ചയും താഴ്ച്ചയും... സാമ്പത്തിക മേഖലയെ സാരമായി സ്വാധീനിച്ച വർഷമായിരുന്നു 2013. ഇന്ത്യയെ സംബന്ധിച്ചിടത്തോളം രൂപയുടെ മൂല്യം സാമാന്യം ഭേദപ്പെട്ട നിലയിലെത്തിയതും വിലക്കയറ്റത്തെ ഒരു പരിധിവരെ പിടിച്ചു നിർത്താൻ കഴിഞ്ഞതും പോയവർഷത്തെ ആശ്വാസകരമായ വാർത്തകളാണ്.

സാമ്പത്തികമാന്ദ്യം ലോകരാജ്യങ്ങളെയാകെ സാരമായി ബാധിച്ചപ്പോൾ നമ്മുടെ രാജ്യവും നമ്മുടെ ബാങ്കിങ് മേഖലയും പിടിച്ചുനിന്നതിന് പിന്നിൽ കേന്ദ്രസർക്കാരും റിസർവ്വ് ബാങ്കും കൈക്കൊണ്ട സുപ്രധാനമായ നടപടികളാണ്. മാന്ദ്യകാലത്ത് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഭാഗത്തുനിന്നും നിക്ഷേപകരേയും വായ്പക്കാരെയും സംരക്ഷിച്ചു നിർത്തുന്ന സമീപനം ഉണ്ടായി എന്നതും ഏറെ ശ്രദ്ധേയമായ കാര്യം തന്നെ. നിക്ഷേപകർക്ക് കൂടുതൽ പലിശ ലഭിക്കുന്നതരത്തിലും വായ്പക്കാരുടെമേൽ അമിതപലിശ അടിച്ചേൽപ്പിക്കാതെയുമുള്ള നടപടികൾ കൂടുതൽ ഗുണകരമായി. വർഷാന്ത്യത്തിൽ ഡോ. രഘുറാം രാജൻ ആർ.ബി.ഐ ഗവർണറായി ചുമതലയേറ്റതും ഇന്ത്യൻ സമ്പത്തികരംഗം ഏറെ പ്രതീക്ഷയോടെയാണ് കാണുന്നത്.

സാമ്പത്തിക മേഖലയിലെന്നപോലെ കാർഷിക മേഖലയിലും സന്തോഷവും സങ്കടവും ബാക്കിയാക്കിയാണ് 2013 പിന്നിട്ടത്. നാളികേരത്തിനും കുരുമുളകിനുമുണ്ടായ വില വർദ്ധനവ് കർഷകർക്ക് പ്രതീക്ഷകൾ നൽകി. എന്നാൽ റബർ വിലയിലുണ്ടായ ഇടിവ് റബർകർഷകരെയാകെ കണ്ണീരിലാഴ്ത്തി. ഈ കണ്ണീരൊപ്പാൻ പുതുവർഷത്തിൽ അനുയോജ്യമായ നടപടികളുണ്ടാകുമെന്ന് പ്രതീക്ഷിക്കാം. ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയെ സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിൽ നിന്നും സംരക്ഷിച്ചു നിർത്തിയതിൽ സഹകരണ ബാങ്കിങ് മേഖല വഹിച്ച പങ്ക് വളരെ വലുതാണ്. ഇത്തരത്തിൽ കേരളീയ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിങ്, ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.ടി തുടങ്ങി ആധുനിക ബാങ്കിങ് സേവനങ്ങൾ യാഥാർത്ഥ്യമായ വർഷം കൂടിയാണ് 2013. ജില്ലാ സഹകരണ ബാങ്കുകൾ കോർ ബാങ്കിങ് സംവിധാനത്തിലേക്ക് മാറിയപ്പോൾ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളും സൊസൈറ്റികളും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടുകഴിഞ്ഞു. സഹകരണ ബാങ്കുകൾക്കും പൊതുമേഖലാ ബാങ്കുകൾക്കുമുള്ള ജനസ്വാധീനം തിരിച്ചറിഞ്ഞ് നാടിനും നാട്ടുകാർക്കും കൂടുതൽ പ്രയോജനപ്പെടുംവിധമുള്ള വികസന പദ്ധതികൾ ഇത്തരം ബാങ്കുകൾ വഴി നടപ്പിലാക്കാൻ സർക്കാറുകൾക്ക് കഴിയണം. ഇത് സാധ്യമാകുന്ന പക്ഷം നിലവിൽ നേരിടുന്ന തകർച്ചയിൽ നിന്നും ഒരു ഫിനിക്സ് പക്ഷിയെപ്പോലെ ഇന്ത്യൻ സാമ്പത്തിക രംഗം ഉയർത്തെഴുന്നേൽക്കുമെന്ന കാര്യത്തിൽ സംശയമില്ല.

എല്ലാവർക്കും കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെ പുതുവത്സരാശംസകൾ. പുതുവർഷ ജീവിതം സമ്പദ് സമൃദ്ധിയും സന്തോഷവും നിറഞ്ഞതാകട്ടെ.

# കോർ ബാങ്കിങ്: പെൻഷൻ തുക ആദ്യ പ്രവർത്തി ദിവസം അക്കൗണ്ടിൽ

**കാസർകോട് :** ജില്ലാ സഹകരണ ബാങ്കിൽ കോർ ബാങ്കിങ് സംവിധാനം യാഥാർത്ഥ്യമായതോടെ പെൻഷൻ വിതരണം വേഗത്തിലായി. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ, ജില്ലാ സഹകരണ ബാങ്ക് എംപ്ലോയീസ് പെൻഷൻ തുടങ്ങിയവ എല്ലാ മാസവും ആദ്യപ്രവർത്തി ദിവസം തന്നെ ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലെത്തിത്തുടങ്ങി. കൃഷി വകുപ്പ് മുഖാന്തിരം കർഷകർക്ക് നൽകുന്ന എല്ലാവിധ പെൻഷനുകളും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയുള്ള പെൻഷനും അതാത് സ്ഥാപനങ്ങൾ പാസാക്കുന്ന മുറയ്ക്ക് വേഗത്തിൽ ഗുണഭോക്താക്കൾക്ക് ലഭിക്കും.നേരത്തേ ജില്ലയുടെ അതിർത്തി പ്രദേശങ്ങളിലുള്ള ശാഖകളിൽ അക്കൗണ്ടുള്ളവർക്ക് പെൻഷൻ തുക ലഭിക്കാൻ കാലതാമസമെടുത്തിരുന്നു.

ജില്ലാ സഹകരണ ബാങ്കിന്റെ വിവിധ ശാഖകളിലായുള്ള പെൻഷൻ അക്കൗണ്ടുകളിലേക്ക് കാസർകോട് മെയിൻ ശാഖയിൽ നിന്നും നേരിട്ട് പെൻഷൻതുക നിക്ഷേപിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഇത് വഴി ശാഖകളിൽ അനുഭവപ്പെടുന്ന പെൻഷൻ വാങ്ങുന്നതിനു വേണ്ടിയുള്ള ഇടപാടുകാരുടെ തിരക്കും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇടപാടുകാർക്ക് സൗകര്യത്തിനനുസരിച്ച് പണം പിൻവലിക്കാനും സാധിക്കും. കൂടാതെ കാസർകോട് മെയിൻ ശാഖയിലുള്ള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്, ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, ബാർബർ-ബ്യൂട്ടീഷ്യൻ ക്ഷേമനിധി ബോർഡ്, സഹകരണ വികസന ക്ഷേമ ബോർഡ്, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് എന്നിവയുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് ഏത് ശാഖകൾവഴിയും പണം അടയ്ക്കാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. .

# ഇൻകം ടാക്സും സർവ്വീസ്ടാക്സും സഹകരണ ബാങ്കിങ് മേഖലയും; സെമിനാർ സംഘടിപ്പിച്ചു

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിൽ നബാർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ക്രെഡിറ്റ് കൗൺസലിങ് ആന്റ് ലൈവ്ലിഹുഡ് പ്രൊമോഷൻ സെന്ററിന്റെ (കൈത്താങ്ങ്) ആഭിമുഖ്യത്തിൽ കെ.വൈ.സി മാർഗ്ഗനിർദ്ദേശങ്ങൾ, ഇൻകം ടാക്സും സർവ്വീസ് ടാക്സും സഹകരണ ബാങ്കിങ് മേഖലയും എന്നീ വിഷയങ്ങളിൽ സെമിനാർ സംഘടിപ്പിച്ചു.

രണ്ടുദിവസങ്ങളിലായി നടന്ന സെമിനാറിൽ ആദ്യദിനം ജില്ലയിലെ സർവ്വീസ് സഹകരണ ബാങ്കുകളിലെ സെക്രട്ടറിമാരും രണ്ടാം ദിവസം ജില്ലാ സഹകരണ ബാങ്കിലെ റീജ്യണൽ മാനേജർമാർ, സീനിയർ മാനേജർമാർ, മാനേജർമാർ, സുപ്രണ്ടുമാർ എന്നിവരും പങ്കെടുത്തു. ജില്ലാ സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ നടന്ന സെമിനാറിൽ കണ്ണൂർ ഐ.സി.എമ്മിലെ സീനിയർ ഫാകൽറ്റി അംഗം ഡോ. സക്കീർ ഹുസൈൻ ക്ലാസെടുത്തു. ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർമാരായ എം കൃഷ്ണൻ, സി ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.


മാനേജിംഗ് എഡിറ്റർ
**എ അനിൽ കുമാർ**
ജനറൽ മാനേജർ

ചീഫ് എഡിറ്റർ
**സി ബാലകൃഷ്ണൻ**
ഡെപ്യൂട്ടി ജനറൽ മാനേജർ

എഡിറ്റർ
**സി സഹദ്**

എഡിറ്റോറിയൽ ബോർഡ്
അംഗങ്ങൾ
**വി കൃഷ്ണൻ**
**എം പ്രവീൺകുമാർ**
**കെ അനീഷ്**

# രതീഷിന്റെ ജീവിതം ചെത്തിമിനുക്കാൻ ഒരുകോടിയുടെ 'കാരുണ്യ'

**വെള്ളരിക്കുണ്ട്:** ചെത്തുതൊഴിലാളിയായ എളേരിത്തട്ട് സ്വദേശി കെ.എം രതീഷിന്റെയും കുടുംബത്തിന്റെയും ജീവിതം ചെത്തിമിനുക്കാൻ ഒരുകോടിയുടെ ഭാഗ്യസമ്മാനം. സംസ്ഥാന സർക്കാരിന്റെ കാരുണ്യ ലോട്ടറിയുടെ ഒന്നാംസമ്മാനമാണ് പുലിമടയിലെ കുന്നത്തുമല രതീഷിനെ തേടിയെത്തിയത്.

സമ്മാനർഹമായ ടിക്കറ്റ് രതീഷ് കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെ വെള്ളരിക്കുണ്ട് ശാഖയിൽ ഏൽപ്പിച്ചു.കോട്ടമലയിലെ ലോട്ടറി ഏജന്റ് ജോസിൽ നിന്നും വാങ്ങിയ കെ ബി 216745 നമ്പർ ടിക്കറ്റിനെയാണ് ഭാഗ്യം കടാക്ഷിച്ചത്. പതിവായിടിക്കറ്റെടുക്കുന്ന ശീലമില്ലെങ്കിലും പാവങ്ങളുടെ ഹൃദയ ശസ്ത്രക്രിയയ്ക്ക് ഉപകരിക്കുന്ന കാരുണ്യ ടിക്കറ്റ് വല്ലപ്പോഴും എടുക്കാറുണ്ടെന്ന് രതീഷ് പറയുന്നു. കടങ്ങൾ വീട്ടി പുതിയ ഒരു വീടുവയ്ക്കണമെന്നാണ് രതീഷിന്റെ ആഗ്രഹം. ഭാര്യ സരിത. മക്കൾ. അജയ്, അക്ഷയ്.



*രതീഷും കുടുംബവും സമ്മാനത്തിനർഹമായ കാരുണ്യ ടിക്കറ്റ് കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെ വെള്ളരിക്കുണ്ട് ശാഖാ മാനേജർ കെ കെ ജനാർദ്ധനനെ ഏൽപ്പിക്കുന്നു.*

# നാളികേര വികസന സെമിനാർ സംഘടിപ്പിച്ചു

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകളുടെ കീഴിലുള്ള ഫാർമേഴ്സ് ക്ലബ്ബുകൾ, നാളികേര ഉൽപ്പാദക സംഘങ്ങൾ, കാസറഗോഡ് സി.പി.സി.ആർ.ഐ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നാളികേരവികസന സെമിനാർ സംഘടിപ്പിച്ചു. നാളികേര കൃഷി- ശാസ്ത്രീയ രീതികൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, നാളികേര ഉൽപ്പാദക സംഘങ്ങളുടെ പ്രാധാന്യം, നീര ഉൽപ്പാദനം തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്ത സെമിനാർ കേരകർഷകർക്ക് പുതുജീവൻ നൽകുന്നതായി മാറി. സി.പി.സി.ആർ.ഐ ഡയമണ്ട് ജൂബിലി ഹാളിൽ നടന്ന സെമിനാർ ജില്ലാ പ്ലാനിംഗ് ഓഫീസർ കെ ജി ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്തു. സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ. ജോർജ്ജ് വി തോമസ് അധ്യക്ഷതവഹിച്ചു. ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ പ്രസംഗിച്ചു. സി.പി.സി.ആർ.ഐ ശാസ്ത്രജ്ഞരായ ഡോ. കെ മുരളീധരൻ, ഡോ. സി തമ്പാൻ, ഡോ. കെ ബി ഹെബ്ബാർ, അജുല വിശ്വനാഥ് എന്നിവർ ക്ലാസെടുത്തു. ഡോ. കെ മുരളീധരൻ സ്വാഗതവും ഡോ. സി തമ്പാൻ നന്ദിയും പറഞ്ഞു.

# ശീതകാല പച്ചക്കറി കൃഷി: ഏകദിന സെമിനാർ നടത്തി

**കുണ്ടംകുഴി:** ജില്ലാ സഹകരണ ബാങ്കിന്റെ കുണ്ടംകുഴി ശാഖയുടെ കീഴിലുള്ള കയമ ഫാർമേഴ്സ് ക്ലബിന്റെ സഹകരണത്തോടെ ശീതകാല പച്ചക്കറി കൃഷിയെക്കുറിച്ച് ഏകദിന സെമിനാർ സംഘടിപ്പിച്ചു. കുണ്ടംകുഴി സാംസ്കാരിക നിലയത്തിൽ നടന്ന സെമിനാർ ജില്ലാ സഹകരണ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മാനേജർ എം തമ്പാൻ അധ്യക്ഷതവഹിച്ചു.

പച്ചക്കറി കൃഷി - ശാസ്ത്രീയ കൃഷിരീതികൾ, കീടരോഗ നിയന്ത്രണം എന്നിവയെക്കുറിച്ച് കാസർകോട് കൃഷിവിജ്ഞാനകേന്ദ്രം ശാസ്ത്രജ്ഞ ഡോ. എസ്. ലീന ക്ലാസെടുത്തു. അഗ്രികൾച്ചറൽ ഓഫീസർ എം പ്രവീൺകുമാർ പ്രസംഗിച്ചു. ഫാർമേഴ്സ് ക്ലബ്ബ് സെക്രട്ടറി ചന്തുകുഞ്ഞി നായർ സ്വാഗതവും പ്രസിഡന്റ് ടി കൃഷ്ണൻനായർ നന്ദിയും പറഞ്ഞു. പങ്കെടുത്തവർക്ക് പച്ചക്കറിത്തൈകൾ വിതരണം ചെയ്തു.

# വെർജിൻ ഓയിൽ നിർമ്മാണം; കേട്ടറിവുകളുടെ നേർക്കാഴ്ച്ചയുമായി ഏകദിന പരിശീലനം

**കാസർകോട്:** പച്ചത്തേങ്ങയിൽ നിന്നും വെർജിൻ വെളിച്ചെണ്ണയും ചിപ്സും... കാസർകോട് സി.പി.സി.ആർ.ഐയുടേയും കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടിയിൽ പങ്കെടുത്തവർ കേട്ടറിവ് മാത്രമായിരുന്ന കാര്യങ്ങൾ നേരിൽകണ്ട് പഠിക്കാൻ കഴിഞ്ഞതിന്റെ ആവേശത്തിലായിരുന്നു. ജില്ലാ സഹകരണ ബാങ്കിന്റെ ശാഖകളോട് ചേർന്ന് പ്രവർത്തിക്കുന്ന ഫാർമേഴ്സ് ക്ലബ്ബുകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കായി സി.പി.സി ആർ.ഐയിൽ നടന്ന പരിശീലന പരിപാടിയാണ് പുത്തനറിവ് പകർന്നു നൽകിയത്.

പച്ചത്തേങ്ങ പൊളിച്ച് , ചിരട്ടകളഞ്ഞ്, തേങ്ങയുടെ ചിരട്ടയോട് ചേർന്ന് നിൽക്കുന്ന ഭാഗത്തെ ചുവന്ന ഭാഗം നീക്കംചെയ്ത്, തേങ്ങാപാലെടുത്ത് ചൂടാക്കി വെർജിൻ ഓയിൽ വേർതിരിച്ചെടുക്കുന്നതുവരെയുള്ള ഓരോഘട്ടങ്ങളും വിശദമായി നേരിൽ കണ്ട് പഠിക്കാൻ കഴിയുന്നതായിരുന്നു പരിശീലനം. എല്ലാഘട്ടങ്ങളിലേയും പ്രവർത്തികൾ ചെയ്യാനുപയോഗിക്കുന്ന അത്യാധുനിക യന്ത്രങ്ങളെ പരിചയപ്പെടാൻ മാത്രമല്ല അവ പ്രവൃത്തിപ്പിച്ചുനോക്കാനും പരിശീലനത്തിൽ പങ്കെടുത്തവർക്ക് കഴിഞ്ഞു. തേങ്ങാചിപ്സ്, നീര തുടങ്ങിയവ ഉണ്ടാക്കുന്ന രീതിയും അതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ പ്രവർത്തനവും പരിശീലനത്തിന്റെ ഭാഗമായി വിശദീകരിച്ചു.



*തേങ്ങയിൽ നിന്നും പാലെടുക്കുന്ന യന്ത്രത്തിന്റെ പ്രവർത്തനം റിസർച്ച് അസോസിയേറ്റ് അജുല വിശ്വനാഥ് വിശദീകരിക്കുന്നു.*

സി.പി.സി.ആർ.ഐയിലെ റിസർച്ച് അസോസിയേറ്റ് അജുല വിശ്വനാഥ്, സീനിയർ റിസർച്ച് ഫെലോ ക്ലാവിസ് ലോബൊ, ബി.എൻ രമേശ് നായിക് എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. ജില്ലാ സഹകരണ ബാങ്ക് പബ്ലിക് റിലേഷൻസ് ഓഫീസർ സി സഹദ് സ്വാഗതം പറഞ്ഞു.

# ജില്ലാ സഹകരണബാങ്കിന്റെ പാണത്തൂർ, പെരിയ ശാഖകൾ ഉടൻ പ്രവർത്തനം ആരംഭിക്കും



*ജില്ലാ സഹരണ ബാങ്ക് പാണത്തൂർ ശാഖയുടെ ഉദ്ഘാടനം വിജയിപ്പിക്കുന്നതിന്റെ ഭാഗമായി പാണത്തൂരിൽ നടന്ന സംഘാടകസമിതി രൂപീകരണ യോഗം പനത്തടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുപ്രിയ അജിത്ത് ഉദ്ഘാടനം ചെയ്യുന്നു.*

**കാസർകോട്:** ജില്ലാ സഹകരണ ബാങ്കിന്റെ പാണത്തൂർ, പെരിയ ശാഖകളുടെ പ്രവർത്തനം ഉടൻ ആരംഭിക്കും. ഇടപാടുകാരുടെ സൗകര്യം, പ്രവർത്തന വിപുലീകരണം എന്നിവ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. ആർ. ടി. ജി. എസ്, എൻ. ഇ. എഫ്. ടി തുടങ്ങി ആധുനിക ബാങ്കിങ് സേവനങ്ങൾ എല്ലാവിഭാഗമാളുകൾക്കും ലഭ്യമാകുംവിധം കോർബാങ്കിങ് സംവിധാനത്തോടുകൂടിയായിരിക്കും രണ്ടുശാഖകളും ആരംഭിക്കുക.

മലയോര വാണിജ്യകേന്ദ്രമായ പാണത്തൂരിലെ ചാപ്പക്കൽ ടവേഴ്സിലാണ് ശാഖ ആരംഭിക്കുന്നത്. ശാഖയുടെ ഉദ്ഘാടനം വിജയിപ്പിക്കുന്നതിന്റെ ഭാഗമായി വിപുലമായ സംഘാടക സമിതി രൂപീകരിച്ചു. പാണത്തൂരിൽ നടന്ന സംഘാടകസമിതി രൂപീകരണ യോഗം പനത്തടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുപ്രിയ അജിത്ത് ഉദ്ഘാടനം ചെയ്തു. ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എ അനിൽകുമാർ അധ്യക്ഷതവഹിച്ചു.

ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർമാരായ തങ്കമ്മ ജോർജ്, അഡ്വ. മാത്യു സെബാസ്റ്റ്യൻ, പരപ്പ ബ്ലോക്ക് പഞ്ചായത്തംഗം രാധാ സുകുമാരൻ, പനത്തടി ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. എ ജയിംസ്, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ എം സി മാധവൻ, ശാരദ രാഘവൻ, മിൽമ ഡയറക്ടർ കെ എൻ സുരേന്ദ്രൻ, എൻ എ ജോയി, മുഹമ്മദ് ഹാജി, ബി ഇബ്രാഹിം, പി തമ്പാൻ, മൈക്കിൾ പൂവത്താനി, കെ കെ വേണുഗോപാലൻ, പ്രസന്ന പ്രസാദ് എന്നിവർ പ്രസംഗിച്ചു. ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും ഓർഗനൈസിംഗ് മാനേജർ എം കെ മാധവൻ നായർ നന്ദിയും പറഞ്ഞു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ എസ് കുര്യക്കോസ്, മുൻ എം. എൽ. എ എം കുഞ്ഞിരാമൻ നമ്പ്യാർ എന്നിവർ രക്ഷാധികാരികളും പനത്തടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുപ്രിയ അജിത് ചെയർപേഴ്സണും വൈസ് പ്രസിഡന്റ് കെ എ ജയിംസ് വൈസ് ചെയർമാനുമായി 80 അംഗ സംഘാടക സമിതിക്ക് യോഗം രൂപംനൽകി. പരപ്പ ബ്ലോക് പഞ്ചായത്ത് അംഗങ്ങളായ രാധാ സുകുമാരൻ, മോഹൻകുമാർ, പനത്തടി ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റുമാരായ എം വി കൃഷ്ണൻ, അഡ്വ. പി കെ ചന്ദ്രശേഖരൻ, പനത്തടി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് അഡ്വ. വിനോദ്കുമാർ, മിൽമ ഡയറക്ടറും ഗോകുലം ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റുമായ കെ എൻ സുരേന്ദ്രൻ നായർ, രാഷ്ട്രീയ, വ്യാപാര, സാംസ്കാരിക സംഘടനാ നേതാക്കളായ സത്യനാരായണ ഭട്ട്, മൈക്കിൾ പൂവത്താനം, എൻ. ഐ ജോയ്, പി തമ്പാൻ, രാമചന്ദ്രൻ സരളായ, ബി ഇബ്രാഹിം, ബാബു പാലപ്പറമ്പിൽ, സുനിൽ മാടക്കൻ, മൊയ്തീൻകുഞ്ഞിഹാജി, പ്രസന്ന സുരേഷ്, ജോണി തോലംപുഴ, ബേക്കൽ ദേവരാജ്, പി ജി മോഹനൻ തുടങ്ങിയവർ അംഗങ്ങളാണ്.

പെരിയ ബസ് സ്റ്റാന്റിന് സമീപം കല്യോട്ട് റോഡിലുള്ള ആശ കോംപ്ലക്സിൽ ആരംഭിക്കുന്ന പെരിയ ശാഖയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് 51 അംഗ സംഘാടക സമിതി രൂപീകരിച്ചു. പെരിയ കമ്മ്യൂണിറ്റി ഹാളിൽ നടന്ന യോഗം ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് പി സി രാമൻ ഉദ്ഘാടനം ചെയ്തു. പുല്ലൂർ - പെരിയ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി കെ അരവിന്ദാക്ഷൻ അധ്യക്ഷതവഹിച്ചു. കാഞ്ഞങ്ങാട് ബ്ലോക് പഞ്ചായത്ത് അംഗം സി രാജൻ, ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർമാരായ തച്ചങ്ങാട് ബാലകൃഷ്ണൻ, വി കെ ബാലകൃഷ്ണൻ, മുൻ പഞ്ചായത്ത് പ്രസിഡന്റ് കെ കുഞ്ഞിക്കണ്ണൻ, ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ പി മാധവൻ, ഗീതാ നാരായണൻ, കെ കല്യാണി, പെരിയ സർവ്വീസ് സഹകരണ ബാങ്ക് ഡയറക്ടർമാരായ ടി എം അഗസ്റ്റിൻ, ടി കെ കുഞ്ഞിരാമൻ, വ്യാപാരി വ്യവസായി ഏകോപനസമിതി പ്രസിഡന്റ് ശിവശങ്കരൻ, അഡ്വ. ബാബുരാജ്, പി കുഞ്ഞമ്പു മാസ്റ്റർ, വി കണ്ണൻ , ബാലകൃഷ്ണൻ പെരിയ, പ്രമോദ് പെരിയ എന്നിവർ പ്രസംഗിച്ചു.

ഡെപ്യൂട്ടി ജനറൽ മാനേജർ സി ബാലകൃഷ്ണൻ സ്വാഗതവും ഓർഗനൈസിംഗ് മാനേജർ സി ഗീത നന്ദിയും പറഞ്ഞു. സംഘാടക സമിതി ചെയർമാനായി ബ്ലോക് പഞ്ചായത്ത് അംഗം സി രാജനെയും കൺവീനറായി സി ഗീതയെയും തെരഞ്ഞെടുത്തു. പുല്ലൂർ - പെരിയ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി കെ അരവിന്ദാക്ഷൻ, ജില്ലാ സഹകരണ ബാങ്ക് ഡയറക്ടർമാരായ തച്ചങ്ങാട് ബാലകൃഷ്ണൻ, വി കെ ബാലകൃഷ്ണൻ, മുൻ പഞ്ചായത്ത് പ്രസിഡന്റ് കെ കുഞ്ഞിക്കണ്ണൻ, പെരിയ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി ഗംഗാധരൻ നായർ, പി കുഞ്ഞമ്പു മാസ്റ്റർ, വി കണ്ണൻ, പ്രമോദ് പെരിയ എന്നിവർ രക്ഷാധികാരികളാണ്.

Edited & Published by General Manager, Kasaragod District Co-operative Bank Ltd. (Free Circulation only) Phone- 04994-220118, 230118,
Printed at KPS Co-operative Press. Kasaragod. Ph: 04994 22 1000